# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 26

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് വിജ്ഞാപനമായി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് വിജ്ഞാപനമായി. സംസ്ഥാന/കേന്ദ്ര സർക്കാർ സർവീസിലുള്ള യോഗ്യരായവരിൽ നിന്ന് ഓൺലൈൻ മുഖേനയാണ് അപേക്ഷ സ്വീകരിക്കുന്നത്. ചുമതലയേൽക്കുന്ന ദിവസം മുതൽ നാലുവർഷം വരെയോ 56 വയസ് തികയുന്നതുവരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയാണ് കാലാവധി.

രജിസ്ട്രാർക്കും പരീക്ഷ കൺട്രോളർക്കും ഒന്നാം/രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം/തത്തുല്യം, സർവകലാശാലയിലോ കോളേജ് തലത്തിലോ 10 വർഷത്തെ അധ്യാപന പരിചയം, ഉത്തരവാദിത്തപ്പെട്ട പദവിയിൽ അഞ്ചുവർഷത്തെ ഭരണ പരിചയം എന്നിവയാണ് യോഗ്യത. പ്രായം: 2019 ജനുവരി ഒന്നിന് 45 വയസിൽ കുറയാനോ 52 വയസിൽ കൂടാനോ പാടില്ല. ഫിനാൻസ് ഓഫീസർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സിൽ അസോസിയേറ്റ് അംഗം, സി.എ. അല്ലെങ്കിൽ തത്തുല്യം പാസായശേഷം അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് യോഗ്യത. പ്രായം: 2019 ജനുവരി ഒന്നിന് 45 വയസിൽ കുറയാനോ 52 വയസിൽ കൂടാനോ പാടില്ല.

www.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ജൂലൈ മൂന്നുമുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് രണ്ടിന് രാത്രി 11.59 വരെ അപേക്ഷ സമർപ്പിക്കാം. അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, യോഗ്യതാപത്രം, പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ എന്നിവയുടെ നാല് സെറ്റ് പകർപ്പുകൾ 'ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണവിഭാഗം), മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം- 686560' എന്ന വിലാസത്തിൽ ഓഗസ്റ്റ് ഒൻപതിന് മുമ്പ് നൽകണം. സർവകലാശാലകൾ, സർക്കാർ/അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ തൊഴിൽ ദാതാവിൽ നിന്ന് നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അപേക്ഷയ്ക്കൊപ്പം നൽകണം.

(പി.ആർ.ഒ./39/1214/2019)

## എം.ജി. പി.ജി. ഏകജാലകം; എസ്.സി., എസ്.ടി. രണ്ടാം സ്പെഷൽ അലോട്ട്മെന്റായി

**– ജൂൺ 28ന് വൈകിട്ട് നാലിന് മുൻപായി പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിന് എസ്.സി., എസ്.ടി. വിഭാഗക്കാർക്കുള്ള രണ്ടാം സ്പെഷൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂൺ 28ന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂൺ 28നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം

പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ കൺഫർമേഷൻ സ്ലിപ് ചോദിച്ചുവാങ്ങണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടണം. താത്ക്കാലിക പ്രവേശനം അനുവദിക്കില്ല.

(പി.ആർ.ഒ./39/1214/2019)

## എം. ജി. യു.ജി. ഏകജാലകം: എസ്.സി.,എസ്.ടി. ഒന്നാം സ്‌പെഷൽ അലോട്‌മെന്റ്

**– ജൂൺ 29ന് വൈകിട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവ്വകലാശാല ഏകജാലകം വഴി ഡിഗ്രി പ്രവേശനത്തിനുള്ള എസ്.സി., എസ്.ടി. ഒന്നാം സ്‌പെഷൽ അലോട്‌മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂൺ 29ന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂൺ 29നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ കൺഫർമേഷൻ സ്ലിപ് ചോദിച്ചുവാങ്ങണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടണം. താത്ക്കാലിക പ്രവേശനം അനുവദിക്കില്ല.

(പി.ആർ.ഒ./39/1214/2019)

## പരീക്ഷ തീയതി

ഒന്നും രണ്ടും മൂന്നും സെമസ്റ്റർ എം.ടെക് (2014 അഡ്മിഷൻ സപ്ലിമെന്ററി) സ്ട്രക്ചറൽ സ്റ്റെബിലിറ്റി എന്ന വിഷയത്തിന്റെ പരീക്ഷ ജൂലൈ മൂന്നിന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

(പി.ആർ.ഒ./39/1214/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വയലിൻ, കഥകളി - സംഗീതം, മൃദംഗം സി.എസ്.എസ്. (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ രണ്ടു മുതൽ 12 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1214/2019)

## ബി.ബി.എ. എൽ.എൽ.ബി. പ്രവേശനം; റാങ്ക് ലിസ്റ്റായി

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രവേശനത്തിനായുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2310165.

(പി.ആർ.ഒ./39/1214/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്‌സിൽ എം.എസ്‌സി. പ്രോഗ്രാമിൽ ഒ.എച്ച്. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. പരീക്ഷയെഴുതിയ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളിൽ ആരും ഇന്റർവ്യൂവിന് ഹാജരായിരുന്നില്ല. പരീക്ഷയെഴുതിയവരിൽ താല്പര്യമുള്ളവർ ജൂൺ 28ന് വൈകീട്ട് നാലിനകം സ്‌കൂൾ ഓഫീസിൽ റിപ്പോർട്ട് ചെയ്യണം. വിശദവിവരത്തിന് ഫോൺ: 0481-2731043.

(പി.ആർ.ഒ./39/1214/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒരു വർഷ എൽ.എൽ.എം. പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂൺ 28ന് രാവിലെ 10ന് സ്‌കൂൾ ഓഫീസിൽ എത്തണം. ഫോൺ: 0481-2310165.

(പി.ആർ.ഒ./39/1214/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം.എസ്‌സി. സൈക്കോളജിയിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ രേഖകളുമായി ജൂൺ 28ന് രാവിലെ 10ന് വകുപ്പ് മേധാവി മുമ്പാകെ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731034.

(പി.ആർ.ഒ./39/1214/2019)

## എം.കോം. സൂക്ഷ്മപരിശോധന

രണ്ടാം സെമസ്റ്റർ എം.കോം (സി.എസ്.എസ്. - റഗുലർ) ജൂൺ 2018 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ജൂലൈ രണ്ടു മുതൽ അഞ്ചുവരെ സിൽവർ ജൂബിലി പരീക്ഷഭവനിലെ ഇ.ജെ. V സെക്ഷനിൽ (റൂം നമ്പർ 226) ഹാൾടിക്കറ്റ് /ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി എത്തണം.

(പി.ആർ.ഒ./39/1214/2019)

## പരീക്ഷഫലം

2019 ഫെബ്രുവരിയിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം-സപ്ലിമെന്ററി/ മേഴ്‌സി ചാൻസ്-2011ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1214/2019)

## എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ സമ്മേളനം 29ന്

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാരുടെ വർഷാരംഭ സമ്മേളനം ജൂൺ 29ന് രാവിലെ 10.30ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. സമ്മേളനം ഉച്ചകഴിഞ്ഞ് 3.30ന് അവസാനിക്കും.

(പി.ആർ.ഒ./39/1214/2019)

## സഹകരണ ബാങ്ക് പരിശീലനം ഇന്നുമുതൽ (ജൂൺ 27)

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക് തസ്തികയിലേക്ക് കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കായി സംഘടിപ്പിക്കുന്ന തീവ്രപരിശീലന പരിപാടി ഇന്ന് (ജൂൺ 27) ആരംഭിക്കും. മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ സർവകലാശാല എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയിൽ രാവിലെ 10 മുതൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നേരിട്ട് ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1214/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ